# ‘യഹോവയുടെ വചനം കേൾക്ക’

## യിരെമ്യാവു 22:29

**“ദേശമേ, ദേശമേ, ദേശമേ, യഹോവയുടെ വചനം കേൾക്ക!.”**

യിരെമ്യാവു 22 മുഴുവൻ പ്രതിപാദിച്ചിരിക്കുന്ന വിഷയം എന്നു പറയുന്നത് ഹൃദയശൂന്യരും, അധാർമ്മികരും, ദുഷ്ടരുമായ ഭരണാധികാരികളെയും അവർ വാഴുന്ന രാജ്യങ്ങളെയും ദൈവം എങ്ങനെയാണ് ന്യായം വിധിക്കുക എന്നതാണ്. ദൈവം, നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്ന, കരുണയുള്ളവനും ദയാലുവും ആയിരിക്കുന്നതുപോലെ തന്നെ, പരിശുദ്ധനും നീതിമാനുമായ ദൈവമാണ്. അവൻ അവന്റെ സമയത്ത് ഈ ലോകത്തെയും അതിലുള്ള സർവ്വത്തെയും ന്യായം വിധിക്കാൻ കടന്നു വരിക തന്നെ ചെയ്യും. അതിൽ ആർക്കും യാതൊരു കുറവും കണ്ടു പിടിക്കാൻ സാധിക്കുകയില്ല കാരണം അവൻ പൂർണ്ണതയുടെ ദൈവമാണ്. പഴയനിയമ പ്രവാചക പുസ്തകങ്ങളിലൂടെ കടന്നു പോകുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് മുഴുവൻ ദൈവത്തിന്റെ ന്യായവിധികളുടെ ഒരു പരമ്പര തന്നെയാണ്. അത് ഞാനും നിങ്ങളും അടങ്ങുന്ന മനുഷ്യജന്മത്തിൽ തുടങ്ങി ഓരോ ജീവികളിലും, ഓരോ രാജ്യങ്ങളിലും അതിന്റേതായ തക്ക ന്യായവിധി ഉണ്ടാവുക തന്നെ ചെയ്യും എന്ന് ദൈവത്തിന്റെ വചനം വ്യക്തമായി പറയുന്നു.

ഇത് വളരെ കൃത്യമായി വ്യക്തമാക്കപ്പെട്ട് കിട്ടിയ യിരെമ്യാ പ്രവാചകൻ ഓരോരുത്തരോടും, സമയം അതിക്രമിച്ച് ദൈവത്തിന്റെ ന്യായവിധി അവരുടെമേൽ വരുന്നതിന്നു മുൻപ് മാനസാന്തരപ്പെട്ട് തങ്ങളുടെ ഹൃദയം ദൈവത്തിങ്കലേക്ക് തിരിക്കുവാൻ വളരെ വിഷമത്തോടും ഭയത്തോടും അപേക്ഷിക്കുകയാണ്.

നാം ഇന്നു ജീവിക്കുന്ന കാലഘട്ടമെന്നു പറയുന്നതു തന്നെ നമുക്കറിയാവുന്നതുപോലെ കൃപായുഗത്തിലാണ്. പക്ഷെ ആ കൃപായുഗത്തിന് എന്ന് വേണമെങ്കിലും അവസാനം ഉണ്ടാവാം, അതു ഉണ്ടാവുക തന്നെ ചെയ്യും, അത് എത്രത്തോളം പോവും എന്ന് ദൈവം തന്നെ തീരുമാനിക്കേണ്ട ഒന്നാണ്. അതിന്നു ശേഷം ദൈവത്തിലും അവന്റെ വചനത്തിലും വിശ്വാസം വെയ്ക്കാതിരിക്കുകയും, അവനിൽ നിന്ന് തെറ്റി ഈ ലോകത്തെയും അതിലുള്ളതിനെയും സ്നേഹിച്ച് തങ്ങളുടേതായ ലോകത്ത് ജീവിച്ചവരുടെ ന്യായവിധി ഉണ്ടാവും. എന്നാൽ അവനെ വിശ്വസിച്ച് അവനിൽ പ്രത്യാശ അർപ്പിച്ച് അവന്റെ വരവിനും അവന്നായും കാത്തിരുന്നവരെ ദൈവം കൈക്കൊള്ളുന്നത് എങ്ങനെയാണെന്നറിയുമോ, വചനം അത് ഇങ്ങനെ പറയുന്നു.

1 തെസ്സലോനിക്യർ 4:16–17 “കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ

ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും.''

എന്തൊരു ഭാഗ്യകരമായ അവസ്ഥയാണത്, ഇന്നു കാണാതെ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവത്തോടു കൂടെ നിത്യം വാഴാൻ ലഭിക്കുന്ന ഒരു ഭാഗ്യാവസ്ഥ. ഈ അവസ്ഥയ്ക്ക് യോഗ്യരായി നിൽപ്പാൻ തക്കവണ്ണം നാം ദിനം പ്രതി ദൈവത്തിന്റെ വിശുദ്ധിക്കൊത്തവണ്ണം ഒരുങ്ങി ജീവിക്കണം, കാരണം ഇന്നു നാം ലോകത്തിലേക്ക് നോക്കിയാൽ ദൈവത്തെയും ദൈവത്തിന്റെ കൃപയെയും അവന്റെ കരുതലിനെയും വില കൽപ്പിക്കാത്തതും, അതിൽ വിശ്വസിക്കാത്തതും ആയ ഒരു തലമുറയെയാണ് നമുക്ക് കാണാൻ കഴിയുന്നത്, അതിൽ നിന്നു നമുക്ക് ഒരു കാര്യം മനസ്സിലാക്കാം – അവസാനം അടുത്തിരിക്കുന്നു. പക്ഷെ അത് നാം ഇന്ന് അല്ലെങ്കിൽ നാളെ എന്നു നമ്മുടെ ഹൃദയങ്ങളിൽ വിചാരിക്കുന്നതുപോലെ ആയിരിക്കില്ല, അതു ദൈവത്തിന്റെ സമയമാണ്, അതു വളരെ കൃത്യതയുള്ളതാണ്, ആ സമയമാകുമ്പോൾ ദൈവം ക്രിസ്തുവിനെ ഈ ലോകത്തിലേക്ക് വീണ്ടും അയയ്ക്കും. ആ സമയംവരെയും ദൈവത്തെ അറിഞ്ഞവരായ നമുക്കുള്ള ചുമതല എന്നു പറയുന്നത് ദൈവത്തെയും അവന്റെ വചനത്തെയും അറിഞ്ഞിട്ട് മറന്നുകളഞ്ഞവരെയും, അതിതുവരെ അറിയാത്തവരെയും അതിലേക്ക് അടുപ്പിക്കുക എന്നുള്ളതാണ്. അതാണ് ഇന്നു നാം നമ്മുടെ ചിന്തക്കെടുത്ത വചനം നമ്മെ ആഹ്വാനം ചെയ്യുന്നത്. അനേകവർഷങ്ങൾക്കു മുൻപ് യിരെമ്യാവിലൂടെ പ്രവർത്തിച്ച ദൈവം ഇന്നും നമ്മോട് പറയുന്നു നിങ്ങൾ പോയി സകലരോടും ഇങ്ങനെ പറയുവിൻ – "ദേശമേ, ദേശമേ, ദേശമേ, യഹോവയുടെ വചനം കേൾക്ക!" അതിന്നായി നമ്മെ ഓരോരുത്തരെയും ദൈവത്തിന്റെ പരിശുദ്ധറൂഹാ സഹായിക്കുമാറാകട്ടെ അന്നു പ്രാർത്ഥിക്കുന്നു.

പരാമർശം :

സങ്കീർത്തനങ്ങൾ 37:39–40

"നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽ നിന്നു വരുന്നു; കഷ്ടകാലത്തു അവൻ അവരുടെ ദുർഗ്ഗം ആകുന്നു. യഹോവ അവരെ സഹായിച്ചു വിടുവിക്കുന്നു; അവർ അവനിൽ ആശ്രയിക്കകൊണ്ടു അവൻ അവരെ ദുഷ്ടന്മാരുടെ കയ്യിൽ നിന്നു വിടുവിച്ചു രക്ഷിക്കുന്നു.''

ബ്രദർ ബിനു ബേബി ആലപ്പുഴ 020